**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 58** **07-06-2021 - ൽ മറുപടിയ്ക്ക്**

**ജനമൈത്രി സുരക്ഷ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കാൻ ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; | (എ) | കേരളാ പോലീസിന്റെ ജനകീയ പദ്ധതിയായ ജനമൈത്രി സുരക്ഷാ പദ്ധതി കൂടുതൽ ശക്തവും സജീവവുമാക്കാൻ വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ആദിവാസി വിഭാഗങ്ങൾക്കായി 'ട്രൈബൽ ജനമൈത്രി (ആരണ്യകിരണം) പദ്ധതി', റെയിൽവേ യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി 'റെയിൽവേ ജനമൈത്രി', അതിഥി തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷയ്ക്കും ഉന്നമനത്തിനുമായി 'മൈഗ്രന്റ് ജനമൈത്രി', സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ഇലക്ട്രോണിക് പഠന ഉപകരണങ്ങൾ എത്തിക്കുന്നതിനായി 'ഇ-വിദ്യാരംഭം പദ്ധതി', ഗൗരവതരമല്ലാത്ത പരാതികൾ പരിഹരിക്കുന്നതിന് 'കമ്മ്യൂണിറ്റി മീഡിയേഷൻ സെന്ററുകൾ, സ്ത്രീ സുരക്ഷയ്ക്കായി 'വിമൺ സെൽഫ് ഡിഫൻസ് ട്രെയിനിംഗ്', ദുരന്ത നിവാരണത്തിനായി 'ജനമൈത്രി കർമ്മസേന', സ്കൂൾ കോളേജ് ജാഗ്രത സമിതികൾ തുടങ്ങിയവ വിപുലമായി നടത്തുവാനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. ഇതിനുപുറമേ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, കോവിഡ് ജീവിതചര്യകളുടെ അവബോധം എന്നിവയ്ക്കായി സംസ്ഥാന വ്യാപകമായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ജനമൈത്രി സുരക്ഷാ പദ്ധതി മുഖേന ആരംഭിച്ച മറ്റൊരു പദ്ധതിയാണ് 'എം.ബീറ്റ്' (മൊബൈൽ ബീറ്റ് സംവിധാനം). പരമ്പരാഗതമായ കേന്ദ്രീകൃത പോലീസിംഗ് രീതിയിൽ നിന്ന് വിഭിന്നമായി പ്രാദേശിക ജനകീയ വിഷയത്തിൽ ജനാഭിപ്രായ സമന്വയത്തിലൂടെ വികേന്ദ്രീകൃത പോലീസിംഗ് |

| | | | |
|---|---|---|---|
| | | | നടപ്പിലാക്കുന്ന രീതിയാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. |
| (ബി) | കോവിഡ് മഹാമാരിയിൽ നാടിന് താങ്ങും തണലുമായി നിന്ന കേരള പോലീസ് അതിലേയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടോ; | (ബി) | ഉണ്ട്. 2021 ഏപ്രിൽ മധ്യത്തോടെ രാജ്യത്ത് ദൃശ്യമായ കോവിഡ്- 19 ന്റെ രണ്ടാം തരംഗം കേരളത്തിലെ എല്ലാ ജില്ലകളിലും പ്രത്യക്ഷപ്പെട്ട് ടി മഹാമാരി പൊതു ജനങ്ങളെ തീവ്രമായി ബാധിക്കുകയു മുണ്ടായി. ഇതേ തുടർന്ന് 08.05.2021 മുതൽ സംസ്ഥാനമൊട്ടാകെ ലോക്ഡൗൺ പ്രഖ്യാപിക്കാൻ ഇടയാകുകയും ചെയ്തു. ലോക്ഡൗൺ കാര്യക്ഷമമായി നടത്തി യിട്ടുള്ളതും പരമാവധി പൊതുജനസഞ്ചാരം കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരി ച്ചിട്ടുള്ളതുമാണ്. ജില്ലയ്ക്കകത്ത് സത്യവാങ് മൂലത്തോടുകൂടി അത്യാവശ്യ യാത്രകൾ അനുവദിച്ചിരുന്നു. ജില്ലാന്തര യാത്രകൾക്കായി തിരുവനന്തപുരം പോലീസ് സൈബർ ഡോം വികസിപ്പിച്ച വെബ് പോർട്ടൽ മുഖേന e-pass അനുവദിച്ചു വരുന്നു. കൂടാതെ റോഡുകളും ഇടറോഡുകളും അടച്ച് സെക്ടറുകളാക്കി തിരിച്ച് അകത്തേക്കും പുറത്തേക്കും പോകുന്ന വാഹനങ്ങൾ പരിശോധന നടത്തി അനാവശ്യമായി പുറത്തിറങ്ങുന്ന വാഹനങ്ങളെ പിടിച്ചെടുത്ത് കുറ്റക്കാരായ യാത്രക്കാർക്കെതിരെ Kerala Epidemic Diseases (Amendment) Act 2020, ഇന്ത്യൻ ശിക്ഷാനിയമം, കേരളാ പോലീസ് ആക്ട് എന്നിവയിലെ ബന്ധപ്പെട്ട നിയമങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ മൊബൈൽ പട്രോളിംഗ് ബൈക്ക് പട്രോളിംഗ്, Foot പട്രോളിംഗ് എന്നിവ ശക്തമായി നടപ്പിലാക്കി വരുന്നു. വനിതാ മോട്ടോർ സൈക്കിൾ പട്രോളും ഇതോടൊപ്പം ഏർപ്പെടുത്തിയിട്ടുണ്ട്. 16.05.2021 ൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഏർപ്പെടുത്തിയ ട്രിപ്പിൾ ലോക്ഡൗൺ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. *തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പോലീസ് സ്റ്റേഷൻ പരിധികളിൽ One entry – One exit നടപ്പിലാക്കിയിട്ടുള്ളതും പ്രസ്തുത സ്ഥലങ്ങളിൽ പോലീസ് പരിശോധനയും പിക്കറ്റും ഏർപ്പെടുത്തിയിരുന്നു. *ട്രിപ്പിൾ ലോക്ഡൗൺ ഏർപ്പെടുത്തിയ ജില്ലകളിലെ അതിർത്തി റോഡുകളും പ്രാദേശിക റോഡുകളും അടച്ചിടുകയും ജില്ലയ്ക്കകത്തുള്ള പ്രധാന റോഡുകളിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്തിരുന്നു. *കോവിഡ് മൂലം ക്വാറന്റൈനിൽ കഴിയുന്നവരെ സൈബർ സെല്ലിന്റെയും കോവിഡ് സേഫ്റ്റി |

| | | | |
|---|---|---|---|
| | | | ആപ്പിന്റെയും സഹായത്തോടെ നിരീക്ഷണം നടത്തി ക്വാറന്റൈൻ ലംഘനം ഇല്ല എന്ന് ഉറപ്പ് വരുത്തുന്നു. *സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ച് കൂട്ടംകൂടുന്നവരെയും മറ്റും ഡ്രോണുകൾ ഉപയോഗിച്ച് കണ്ടെത്തി നിയമനടപടി സ്വീകരിച്ചുവരുന്നു. *പട്ടികജാതി പട്ടികവർഗ കോളനികളിൽ ജനമൈത്രി പോലീസുമായി ചേർന്ന് ആവശ്യമായ അവബോധം നടത്തുകയും മാസ്ക്, സാനിറ്റൈസർ, ആവശ്യ മരുന്നുകൾ കോളനിവാസികൾക്ക് സൗജന്യമായി നൽകി വരുന്നു. *ജനമൈത്രി പോലീസിന്റെ ആഭിമുഖ്യത്തിൽ പൊതുജനങ്ങൾക്ക് കോവിഡ് 19 മഹാമാരിയിൽ നിന്നും സുരക്ഷതരായിരിക്കുവാൻ BREAK THE CHAIN ക്യാമ്പയിൽ അടിസ്ഥാനമാക്കി ആവശ്യമായ അവബോധം നൽകുന്നതിന് സാമൂഹ്യമാധ്യമങ്ങൾ വഴി ലഘുചിത്രങ്ങളും, വീഡിയോകളും, പോസ്റ്ററുകളും തയ്യാറാക്കി പ്രചരിപ്പിച്ചു കൂടാതെ പത്രമാധ്യമങ്ങൾ വഴി പൊതുജനങ്ങൾക്കായി സമയാ സമയങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങളും നൽകിയിരുന്നു. |
| (സി) | ലോക്ഡൗൺ കാലത്ത് തെരുവുകളിൽ വിശന്ന് അലയുന്നവർക്ക് സൗജന്യമായി ഭക്ഷണം നൽകുന്നതിന് കേരള പോലീസ് ആവിഷ്കരിച്ച 'ഒരു വയറൂട്ടാം' പദ്ധതിയുടെ വിശദാംശം നൽകുമോ? | (സി) | വീടില്ലാത്തവർക്കും, തെരുവിൽ കഴിയുന്ന അവശവിഭാഗങ്ങൾക്കും ഇതര സംസ്ഥാന തൊഴിലാളികൾക്കും കോവിഡ്-19 നിയന്ത്രണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന മുന്നണി പോരാളികൾക്കും സൗജന്യമായി ഭക്ഷണം നൽകുന്നതിനായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് മുഖേന 'ഒരു വയറൂട്ടാം, ഒരു വിശപ്പടക്കാം' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി മുഖേന ലക്ഷക്കണക്കിന് പേർക്ക് സംസ്ഥാനത്തൊട്ടാകെ സൗജന്യമായി ഭക്ഷണവിതരണം നടത്തിയിരുന്നു. |

സെക്ഷൻ ഓഫീസർ